ടി.കെ ഉബൈദ്

## ഖുർആൻ ബോധനം

# 1183

# സൂറ – 42 / അശ്ശൂറാ

### സൂക്തം: 23 – 26

തീരെ ദൈവഭയമില്ലാതെ ഭൗതിക നേട്ടങ്ങൾക്കുവേണ്ടി എന്തും ചെയ്യാൻ മടിക്കാത്ത ദുരാഗ്രഹിയായ ദുഷ്ടബുദ്ധികൾ മാത്രമേ കള്ളം ചമച്ച് അതല്ലാഹുവിന്റെ ശാസനകളാണെന്ന വ്യാജേന ജനങ്ങളിൽ പ്രചരിപ്പിക്കാൻ ധൃഷ്ടരാകൂ. മുഹമ്മദീയ വ്യക്തിത്വം അതിനു വഴങ്ങുകയില്ലെന്ന് സാമാന്യ ബുദ്ധിയും, അൽപമെങ്കിലും സത്യബോധവുമുള്ള ഏവർക്കും അറിയാവുന്നതാണ്. സത്യത്തിനും സന്മാർഗദർശനത്തിനും പ്രവേശിക്കാനാവാത്തവിധം നിങ്ങൾ സ്വന്തം മനസ്സുകൾ അടച്ചുപൂട്ടിയതുപോലെ, അടച്ചു പൂട്ടപ്പെട്ട മനസ്സുകളുടെ മാത്രം സ്വഭാവമാണത്.

ذَٰلِكَ ٱلَّذِى يُبَشِّرُ ٱللَّهُ عِبَادَهُ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ ۗ قُل لَّآ أَسْـَٔلُكُمْ عَلَيْهِ أَجْرًا إِلَّا ٱلْمَوَدَّةَ فِى ٱلْقُرْبَىٰ ۗ وَمَن يَقْتَرِفْ حَسَنَةً نَّزِدْ لَهُۥ فِيهَا حُسْنًا ۚ إِنَّ ٱللَّهَ غَفُورٌ شَكُورٌ ﴿٢٣﴾

23. ഇതത്രെ വിശ്വാസികളായി സൽക്കർമങ്ങൾ ചെയ്യുന്ന, ഇഷ്ടദാസന്മാർക്ക് അല്ലാഹു നൽകുന്ന ശുഭവാർത്ത. പ്രവാചകൻ അവരോടു പറയുക: ഈ ദൗത്യത്തിന്റെ പേരിൽ ഞാൻ നിങ്ങളോട് ഒരു പ്രതിഫലവും ചോദിക്കുന്നില്ല; ദൈവസാമീപ്യത്തിലുള്ള താൽപര്യമല്ലാതെ. നന്മ ചെയ്യുന്നവന് നാം നന്മയെ വർധിപ്പിച്ചു കൊടുക്കുന്നു. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും മൂല്യം പരിഗണിക്കുന്നവനുമാകുന്നു.

**23**

ذَٰلِكَ الَّذِي يُبَشِّرُ اللَّهُ عِبَادَهُ = ഇതത്രെ അല്ലാഹു തന്റെ (ഇഷ്ട) ദാസന്മാർക്കു നൽകുന്ന ശുഭവാർത്ത

الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ = സത്യവിശ്വാസികളും(സികളായി) സൽക്കർമം ചെയ്യു(ന്ന)ന്നവരും ആയ

قُل = നീ (പ്രവാചകൻ അവരോടു) പറയുക

لَّا أَسْأَلُكُمْ عَلَيْهِ = ഞാൻ അതിന്മേൽ (ഈ ദൗത്യത്തിന്റെ പേരിൽ) നിങ്ങളോട് ചോദിക്കുന്നില്ല

أَجْرًا = പ്രതിഫലം (ഒരു പ്രതിഫലവും) إِلَّا الْمَوَدَّةَ فِي الْقُرْبَىٰ = (ദൈവ)സാമീപ്യത്തിലുള്ള താൽപര്യമല്ലാതെ

وَمَن يَقْتَرِفْ حَسَنَةً = നന്മ ചെയ്യുന്നവന് نَّزِدْ لَهُ = നാം അവന്നു വർധിപ്പി(ച്ചുകൊടു)ക്കുന്നു فِيهَا حُسْنًا = അതിൽ നന്മയെ

إِنَّ اللَّهَ غَفُورٌ شَكُورٌ = തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും നന്ദി കാണിക്കുന്നവനും (മൂല്യം പരിഗണിക്കുന്നവനും) ആകുന്നു

മുൻ സൂക്തം പ്രസ്താവിച്ച മഹാ അനുഗ്രഹത്തിന്റെ ഭാഗമാണ്, സത്യ-ധർമങ്ങൾ അംഗീകരിച്ച് സാന്മാർഗികമായ കർമ ജീവിതം നയിക്കുന്ന തന്റെ ഇഷ്ടദാസന്മാർക്ക് അല്ലാഹു നൽകുന്ന മംഗളാശംസ. ഈ പ്രബോധനത്തിനു പിന്നിൽ നിക്ഷിപ്ത താൽപര്യങ്ങളും രഹസ്യ അജണ്ടകളും സംശയിക്കുന്നവരോട് പ്രവാചകൻ ഉറപ്പിച്ചു പറയണം: നിങ്ങളെ വ്യർഥ ജീവിതത്തിൽനിന്നും നിത്യനരകത്തിൽനിന്നും മോചിപ്പിച്ച് ഈ മഹാ സൗഭാഗ്യത്തിലേക്കു നയിക്കുന്ന ദൗ

തൃത്തിന് ഞാൻ നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല. എനിക്കുള്ള ന്യായമായ പ്രതിഫലം അല്ലാഹു തന്നെ തന്നുകൊള്ളും. إِنْ أَجْرِيَ إِلَّا عَلَى اللَّهِ എന്നു കൂടി മറ്റു സ്ഥലങ്ങളിൽ (ഉദാ: 10:72, 11:29) പറയുന്നുണ്ട്.

മറ്റൊരിടത്ത് പറയുന്നതിങ്ങനെ: مَا سَأَلْتُكُم مِّنْ أَجْرٍ فَهُوَ لَكُمْ إِنْ أَجْرِيَ إِلَّا عَلَى اللَّهِ (ഞാൻ നിങ്ങളോട് വല്ല പ്രതിഫലവും ചോദിക്കുന്നുണ്ടെങ്കിൽ അത് നിങ്ങളുടെ നന്മ മാത്രമാകുന്നു. എനിക്കുള്ള പ്രതിഫലം അല്ലാഹുവിന്റെ ഉത്തരവാദിത്വത്തിലാകുന്നു). 25:57-ൽ പറയുന്നത് مَا أَسْأَلُكُمْ عَلَيْهِ مِنْ أَجْرٍ إِلَّا مَن شَاءَ أَن يَتَّخِذَ إِلَىٰ رَبِّهِ سَبِيلًا (പ്രവാചകൻ പറയുക: ഞാനീ ദൗത്യത്തിന് നിങ്ങളോട് ഒരു പ്രതിഫലവും ചോദിക്കുന്നില്ല; തന്റെ നാഥങ്കലേക്കുള്ള വഴി തേടുന്നവൻ ആ വഴി സ്വീകരിക്കുക എന്നതല്ലാതെ) എന്നാകുന്നു. വാക്കുകളിൽ വ്യത്യാസമുണ്ടെങ്കിലും ഈ പാഠങ്ങളുടെയെല്ലാം കാതലായ ആശയം ഒന്നാണ്. സ്രഷ്ടാവും പരിപാലകനുമായ അല്ലാഹുവിനോട് ഭക്തി പുലർത്തുകയും അവന്റെ സാമീപ്യവും പ്രീതിയും കാംക്ഷിച്ച് അതിനൊത്ത് ജീവിക്കണമെന്നാഗ്രഹിക്കുകയും ചെയ്യുന്നവർക്ക് അവനിലേക്കുള്ള വഴി കാണിച്ചു കൊടുക്കുക എന്നതു മാത്രമാണ് പ്രവാചക നിയോഗത്തിന്റെ ലക്ഷ്യം. ഈ ആശയം ഓർത്തുകൊണ്ട് വായിക്കുമ്പോൾ അതേ ആശയം മറ്റൊരു ശൈലിയിൽ അവതരിപ്പിക്കുകയാണ് إِلَّا الْمَوَدَّةَ فِي الْقُرْبَىٰ എന്ന് മനസ്സിലാക്കാവുന്നതാണ്. അടുപ്പവും ബന്ധവുമാണ് قربى. ഇതുകൊണ്ടുദ്ദേശിക്കപ്പെടാറുള്ള ബന്ധം കുടുംബ ബന്ധമാണ്. കുടുംബ ബന്ധത്തെയും ബന്ധുക്കളെയും ഉദ്ദേശിച്ചു قربى എന്നു മാത്രം സാധാരണ പറയാറില്ല. ذا القربى എന്നാണ് പറയാറുള്ളത്. ബന്ധത്തിന് قرابة എന്നും ബന്ധുക്കൾക്ക് اقرباء എന്നുമാണ് സാധാരണ പ്രയോഗം. അടുപ്പം, അടുത്തത് എന്ന അർഥത്തിൽ قربى അപൂർവമായി ഉപയോഗിക്കാറുണ്ട്: وليس قُربى قَبرِ حَربٍ قَبرُ (ഹർബിന്റെ ഖബ്റിനടുത്ത് മറ്റൊരു ഖബ്ർ ഇല്ല) എന്ന് ഒരു കവി പാടിയതോർക്കുന്നു. قرب-ഉം قريب-ഉം ആണ് സാധാരണ അടുപ്പവും, അടുത്തതും. ദൈവസാമീപ്യവും പുണ്യകർമവും കൂടി قربى-യുടെ അർഥങ്ങളിൽ പെടുന്നു. പുണ്യം തേടിയുള്ള ത്യാഗവും ബലിയുമാണ് قربان. പ്രകൃത സന്ദർഭത്തിൽ ഈ അർഥമാണ് ഏറെ ഉചിതം. അതനുസരിച്ചുള്ളതാണ് മുകളിൽ കൊടുത്ത വ്യാഖ്യാനം. ഈ قربى-യെ കുടുംബ-വംശ ബന്ധം എന്ന അർഥത്തിൽ സ്വീകരിച്ച വ്യാഖ്യാതാക്കളും ഏറെയുണ്ട്. അങ്ങനെ അർഥം കൽപിച്ചവർ, രണ്ടു തരത്തിൽ വ്യാഖ്യാനിച്ചിരിക്കുന്നു: 1) എനിക്കു നിങ്ങൾ പ്രതിഫലമൊന്നും തരേണ്ടതില്ല. എന്നാൽ, ഞാനും നിങ്ങളും തമ്മിലുള്ള വംശബന്ധം അല്ലെങ്കിൽ കുടുംബ ബന്ധം നിങ്ങൾ മാനിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നുണ്ട്. അതായത്, ഞാനും ഒരു അറബിയാണ്. അല്ലെങ്കിൽ ഖുറൈശി ഗോത്രജനാണ്. എല്ലാ ഖുറൈശി കുടുംബങ്ങളുമായും എനിക്കു ബന്ധമുണ്ട്. സ്വജനത്തിൽ പെട്ട ഒരുവനെ അന്യായമായി ദ്രോഹിക്കുന്നതു വിലക്കുന്ന ഗോത്ര മൈത്രിയെങ്കിലും നിങ്ങൾ കാണിക്കണം. അബ്ദുല്ലാഹിബ്നു അബ്ബാസ് ഉൾപ്പെടെയുള്ള ചില താബിഈ പണ്ഡിതന്മാർ ഇങ്ങനെയാണ് വ്യാഖ്യാനിച്ചിട്ടുള്ളത്. 2) ഞാൻ പ്രബോധനം ചെയ്യുന്ന ഈ ദീൻ നിങ്ങളുടെ ജീവിതം സംസ്കരിക്കാനും സാക്ഷാത്കരിക്കാനുമുള്ളതാണ്. സദ്ബുദ്ധിയുള്ളവർ അതു സ്വീകരിക്കുകയും അനുസരിക്കുകയുമാണ് വേണ്ടത്. 'നിങ്ങൾ എന്റെ പ്രബോധനത്തെ സ്വീകരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നില്ലെങ്കിൽ വേണ്ട. തീർച്ചയായും നിങ്ങളെന്റെ കുടുംബത്തെ സ്നേഹിക്കണം. അതു മാത്രമാണ് ഞാൻ നിങ്ങളോടാവശ്യപ്പെടുന്നത്.'

ഈ വ്യാഖ്യാനക്കാർ, കുടുംബം എന്ന വാക്കു കൊണ്ട് വിവക്ഷിക്കുന്നത് അബ്ദുൽ മുത്ത്വലിബിന്റെ വംശമാണെന്നും പറയുന്നു. ചിലരാവട്ടെ قربى-യെ അലി-ഫാത്വിമ ദമ്പതികളിൽ പരിമിതപ്പെടുത്തിയിരിക്കുന്നു. നിരവധി കാരണങ്ങളാൽ അസ്വീകാര്യമാണ് ഈ വ്യാഖ്യാനം. പ്രതിയോഗികൾ ആരോപിക്കുന്ന നിക്ഷിപ്ത താൽപര്യത്തെയും രഹസ്യ അജണ്ടയെയും സാധൂകരിക്കുന്നതാണ് പ്രവാചകന്റെ ഈ ആവശ്യം. സ്വന്തം കുടുംബത്തിന്റെ സുരക്ഷയും പ്രതാപവുമാണ് ഈ പ്രബോധനത്തിലൂടെ ലക്ഷ്യമാക്കുന്നത് എന്നാണല്ലോ ഈ ആവശ്യത്തിനർഥം. ഈ സൂക്തം അവതരിക്കുന്ന കാലത്ത് അബ്ദുൽ മുത്ത്വലിബ്കുടുംബത്തിൽ പലരും ഇസ്ലാം സ്വീകരിച്ചിട്ടുണ്ടായിരുന്നില്ല. അബ്ദുൽ മുത്ത്വലിബിന്റെ പുത്രനും പ്രവാചകന്റെ പിതൃവ്യനുമായ അബൂലഹബ് ഉൾപ്പെടെ ചിലർ പ്രവാചകന്റെ ബദ്ധ വൈരികളായ കൊടും കാഫിറുകളായിരുന്നു. അലി-ഫാത്വിമ വിവാഹം നടന്നതാവട്ടെ ഈ സൂക്തം അവതരിച്ച് വർഷങ്ങൾ പിന്നിട്ട ശേഷമാണ്.

മുകളിൽ ഉദ്ധരിച്ചതും അല്ലാത്തതുമായ അനേകം ഖുർആൻ സൂക്തങ്ങൾ പ്രസ്താവിച്ചിട്ടുള്ള, പ്രവാചക ദൗത്യത്തിന്റെ ലക്ഷ്യവുമായി ഒട്ടും യോജിക്കാത്തതുമാണീ വ്യാഖ്യാനം. ജനങ്ങളെ ദൈവവുമായും അവന്റെ ധർമശാസനങ്ങളുമായും അടുപ്പിക്കുകയാണല്ലോ ആ ലക്ഷ്യം. അതല്ലാത്ത മറ്റൊന്നും താൻ പ്രബോധിതരിൽനിന്ന് ആവശ്യപ്പെടുന്നില്ലെന്ന് ആവർത്തിച്ച് പറയുകയും ചെയ്യുന്നു. അതിൽനിന്നെല്ലാം ഭിന്നമായി, നിങ്ങൾ എന്റെ പ്രബോധനം സ്വീകരിച്ചില്ലെങ്കിൽ വേണ്ട എന്റെ കുടുംബത്തെ സ്നേഹിക്കുകയെങ്കിലും ചെയ്യൂ എന്ന് ആവശ്യപ്പെടുകയാണിവിടെ എന്നാണീ വ്യാഖ്യാതാക്കൾ പറയുന്നത്. മറ്റാരെയും പോലെ താനും തന്റെ കുടുംബവും സ്നേഹിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യണമെന്ന് പ്രവാചകനും ആഗ്രഹിച്ചിരുന്നു. അതു പ്രബോധനം ചെയ്തോ നിയമമുണ്ടാക്കിയോ നേടേണ്ടതല്ലെന്നും മറ്റാരെക്കാളും അദ്ദേഹത്തിനറിയാം. തങ്ങളുടെ, സദ്സ്വഭാവവും സൽക്കർമവും നിറഞ്ഞ മാതൃകാപരമായ ജീവിതത്തിലൂടെയാണതു നേടേണ്ടത്. തന്റെ മുന്നിൽ കുമിഞ്ഞുകൂടുന്ന സകാത്തു മുതലിൽ തന്റെ കുടുംബത്തിന് യാതൊരവകാശവുമില്ലെന്നും അവർക്കതു നിഷിദ്ധമാണെന്നും ഖണ്ഡിതമായി അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. പ്രവാചകനുശേഷം ഇസ്ലാമിക സമൂഹത്തിന്റെ നേതൃത്വത്തിലോ അധികാരത്തിലോ സമ്പത്തിലോ സ്വകുടുംബത്തിന് ഒരു പ്രത്യേകാവകാശവും തിരുമേനി നിശ്ചയിച്ചിട്ടില്ല.

وَمَن يَقْتَرِفْ ...... എന്ന പിൻവാക്യം സൂചിപ്പിക്കുന്നതും قربى ദൈവസാമീപ്യവും തജ്ജന്യമായ നന്മകളുമാണെന്നാകുന്നു. പ്രവാചക കുടുംബത്തോടുള്ള സ്നേഹമാണെങ്കിൽ തുടർന്നു പറയുക, പ്രവാചക കുടുംബത്തെ സ്നേഹിക്കുന്നവരുടെ ആ സ്നേഹം അല്ലാഹു വളർത്തുമെന്നാണല്ലോ. ഇവിടെ ഈ വാക്യത്തിന്റെ താൽപര്യമിതാണ്: നിങ്ങൾ ദൈവസാമീപ്യം തേടുകയും നന്മകൾ ചെയ്യുകയുമാണെങ്കിൽ നിങ്ങളുടെ നന്മകളെ അല്ലാഹു വളർത്തിക്കൊണ്ടിരിക്കും. നിങ്ങളുടെ വീഴ്ചകൾ പൊറുത്തു തരും. നിങ്ങളുടെ സൽക്കർമങ്ങളുടെ മൂല്യം നന്നായി പരിഗണിക്കുന്നവൻ തന്നെയാണ് അല്ലാഹു. ●

أَمْ يَقُولُونَ افْتَرَىٰ عَلَى اللَّهِ كَذِبًا ۖ فَإِن يَشَإِ اللَّهُ يَخْتِمْ عَلَىٰ قَلْبِكَ ۗ وَيَمْحُ اللَّهُ الْبَاطِلَ وَيُحِقُّ الْحَقَّ بِكَلِمَاتِهِ ۚ إِنَّهُ عَلِيمٌ بِذَاتِ الصُّدُورِ ﴿٢٤﴾

24. അതല്ല, അദ്ദേഹം അല്ലാഹുവിന്റെ പേരിൽ കള്ളം ചമച്ചു എന്നാരോപിക്കുകയാണോ അവർ? അല്ലാഹുവിനു വേണമെങ്കിൽ നിന്റെ മനസ്സും അടച്ചു മുദ്രവെക്കാം. എന്നാൽ, അല്ലാഹു മിഥ്യയെ മായ്ച്ചു കളയുകയും തന്റെ വചനങ്ങളാൽ സത്യത്തെ സാക്ഷാത്കരിക്കുകയുമാണിത്. ഹൃദയങ്ങളിലൊളിഞ്ഞിരിക്കുന്നതൊക്കെയും അവൻ നന്നായറിയുന്നുണ്ട്.

**24**

أَمْ يَقُولُونَ = അതല്ല അവർ പറയു(ആരോപിക്കു)കയാണോ? افْتَرَىٰ = അദ്ദേഹം കെട്ടിച്ചമച്ചു

عَلَى اللَّهِ = അല്ലാഹുവിന്റെ മേൽ (പേരിൽ) كَذِبًا = കള്ളം فَإِن يَشَإِ اللَّهُ = അല്ലാഹു ഉദ്ദേശിക്കുന്നുവെ(വേണമെ)ങ്കിൽ

يَخْتِمْ = അടച്ചു മുദ്രവയ്ക്കാം عَلَىٰ قَلْبِكَ = നിന്റെ മന(സ്സും)സ്സിന്മേൽ

وَيَمْحُ اللَّهُ = (എന്നാൽ) അല്ലാഹു മായ്ച്ചുകളയുന്നു(ളയുകയും) الْبَاطِلَ = മിഥ്യയെ

وَيُحِقُّ الْحَقَّ = സത്യത്തെ സത്യമാക്കുകയും ചെയ്യുന്നു (സാക്ഷാത്കരിക്കുകയുമാണിത്) بِكَلِمَاتِهِ = തന്റെ വചനങ്ങളാൽ

إِنَّهُ عَلِيمٌ بِذَاتِ الصُّدُورِ = അവൻ മാറിടങ്ങളിലുള്ളത് ഏറ്റം അറിയുന്നു (ഹൃദയങ്ങളിലൊളിഞ്ഞിരിക്കുന്നതൊക്കെയും നന്നായറിയുന്നു)

أَمْ لَهُمْ شُرَكَاؤُا .... എന്ന സൂക്തത്തിന്റെ തുടർച്ചയാണീ സൂക്തം. അത്ഭുതത്തെയും നിഷേധത്തെയും ആക്ഷേപത്തെയും സൂചിപ്പിക്കുന്നതാണിതിലെ ചോദ്യം. സത്യദർശനവും ധർമശാസനകളും സദുപദേശങ്ങളും ഉൾക്കൊള്ളുന്ന ഈ വചനങ്ങൾ മുഹമ്മദ്(സ) ഏതോ സ്വാർഥ ലാഭത്തിനുവേണ്ടി സ്വയം കെട്ടിച്ചമച്ച് അല്ലാഹുവിന്റെ പേരിൽ പ്രചരിപ്പിക്കുന്നുവെന്നാരോപിക്കുകയാണോ? എങ്കിൽ അതു വലിയ അത്ഭുതം തന്നെ. ആ ആരോപണം ഒട്ടും ശരിവെക്കുന്നതല്ല ഈ വചനങ്ങളുടെ ഉള്ളടക്കം. രഹസ്യ അജണ്ടകൾ വച്ച് സ്ഥാപിത താൽപര്യങ്ങൾക്കു വേണ്ടി ദൈവത്തിന്റെ പേരിൽ കള്ളം പ്രചരിപ്പിക്കുന്നവൻ എന്ന ആരോപണം, മഹത്തായ സ്വഭാവഗുണങ്ങൾക്കും മാതൃകാ ജീവിതത്തിനും ഉടമയും അതിവിശ്വസ്തനെന്ന് നിങ്ങൾ തന്നെ സാക്ഷ്യപ്പെടുത്തുന്നതുമായ മുഹമ്മദീയ വ്യക്തിത്വത്തിനും ഒട്ടും ചേരുന്നതല്ല. തീരെ ദൈവഭയമില്ലാതെ ഭൗതിക നേട്ടങ്ങൾക്കുവേണ്ടി എന്തും ചെയ്യാൻ മടിക്കാത്ത ദുരാഗ്രഹിയായ ദുഷ്ടബുദ്ധികൾ മാത്രമേ കള്ളം ചമച്ച് അതല്ലാഹുവിന്റെ ശാസനകളാണെന്ന വ്യാജേന ജനങ്ങളിൽ പ്രചരിപ്പിക്കാൻ ധൃഷ്ടരാകൂ. മുഹമ്മദീയ വ്യക്തിത്വം അതിനു വഴങ്ങുകയില്ലെന്ന് സാമാന്യ ബുദ്ധിയും, അൽപമെങ്കിലും സത്യബോധവുമുള്ള ഏവർക്കും അറിയാവുന്നതാണ്. സത്യത്തിനും സന്മാർഗദർശനത്തിനും പ്രവേശിക്കാനാവാത്തവിധം നിങ്ങൾ സ്വന്തം മനസ്സുകൾ അടച്ചുപൂട്ടിയതുപോലെ, അടച്ചു പൂട്ടപ്പെട്ട മനസ്സുകളുടെ മാത്രം സ്വഭാവമാണത്. അവർ സ്വന്തം മനസ്സ് അടച്ചുപൂട്ടിയതുപോലെ അല്ലാഹുവിനു വേണമെങ്കിൽ പ്രവാചകന്റെ മനസ്സും സത്യത്തിനും ധർമത്തിനും നേരെ അടച്ചു പൂട്ടാമായിരുന്നു. പക്ഷേ, അവൻ അതു ചെയ്തിട്ടില്ല. ഈ ലോകത്തുനിന്ന് മിഥ്യ മായ്ച്ചുകളയാനും തൽസ്ഥാനത്ത് സത്യം പ്രകാശിതമാക്കാനും നിയുക്തനായ അന്ത്യപ്രവാചകനാണ് മുഹമ്മദ് (സ). അതിനുള്ള ഉപാധിയായി അദ്ദേഹത്തിന്റെ ഹൃദയത്തിൽ ജ്വലിപ്പിച്ച, അവന്റെ തിരുവരുളുകളാണീ ഖുർആൻ.

ഈ ഖുർആൻ പ്രവാചകന്റെ രചനയല്ലെന്നും പ്രവാചകന് അത് രചിക്കാൻ കഴിയില്ലെന്നും ഈ ആരോപകർക്ക് നന്നായറിയാം. ഖുർആൻ പോലെ സത്യസാരങ്ങളടങ്ങിയ വചനങ്ങൾ ചെകുത്താന്മാർ ആർക്കും പറഞ്ഞു കൊടുക്കുകയില്ലെന്ന കാര്യത്തിലും അവർക്കു സംശയമില്ല. വാസ്തവത്തിൽ പുറമേ പറയുന്നതൊന്നുമല്ല അവരുടെ അവിശ്വാസത്തിനും ശത്രുതക്കും കാരണം. നിലവിലുള്ള അവരുടെ മിഥ്യാ പ്രതാപവും സമ്പത്തും വർധിപ്പിക്കുക, അധികാരം ശക്തിപ്പെടുത്തുക, കൂടുതൽ കൂടുതൽ സ്ഥാനമാനങ്ങൾ നേടുക, സുഖഭോഗങ്ങളനുഭവിക്കുക- ഇതൊക്കെയാണവരുടെ ലക്ഷ്യം. ആ ലക്ഷ്യത്തിലേക്കുള്ള മാർഗങ്ങളിൽ കടമ്പകൾ തീർക്കുന്ന ഒരു തത്ത്വശാസ്ത്രവും അവരംഗീകരിക്കാൻ പോകുന്നില്ല. അവരുടെ ഈ മനസ്സിലിരിപ്പ് അല്ലാഹുവിന് നന്നായറിയാം.

فَإِن يَشَإِ اللَّهُ ....... عَلَىٰ قَلْبِكَ -യെ ചില പണ്ഡിതന്മാർ ഇങ്ങനെയാണ് വ്യാഖ്യാനിച്ചിട്ടുള്ളത്: പ്രവാചകൻ സ്വയം രചിച്ച വചനങ്ങൾ അല്ലാഹുവിന്റെ പേരിൽ പ്രചരിപ്പിക്കുകയാണെങ്കിൽ അല്ലാഹു അദ്ദേഹത്തിന്റെ ഹൃദയത്തെ അവരുടെ ഹൃദയങ്ങൾ പോലെ, സത്യത്തിനും സന്മാർഗത്തിനും എതിരെ കൊട്ടിയടക്കുമായിരുന്നു. ഇതനുസരിച്ച് പ്രസ്തുത വചനം 17:86-ൽ

وَلَئِن شِئْنَا لَنَذْهَبَنَّ بِالَّذِي أَوْحَيْنَا إِلَيْكَ ثُمَّ لَا تَجِدُ لَكَ بِهِ عَلَيْنَا وَكِيلًا ﴿٨٦﴾

(നമുക്കു വേണമെങ്കിൽ ദിവ്യബോധനത്തിലൂടെ നിനക്കരുളിയിട്ടുള്ളതൊക്കെയും പോക്കിക്കളയാം. പിന്നെ അതു പുനഃസ്ഥാപിച്ചു തരാൻ നമുക്കെതിരെ ഒരു രക്ഷകനെയും നീ കാണുകയില്ല) എന്നും 69: 44-46-ൽ

وَلَوْ تَقَوَّلَ عَلَيْنَا بَعْضَ الْأَقَاوِيلِ ﴿٤٤﴾ لَأَخَذْنَا مِنْهُ بِالْيَمِينِ ﴿٤٥﴾ ثُمَّ لَقَطَعْنَا مِنْهُ الْوَتِينَ ﴿٤٦﴾

(പ്രവാചകൻ വല്ലതും കെട്ടിച്ചമച്ച് നമ്മുടെ പേരിൽ പറയുകയായിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ വലംകൈ നാം പിടിക്കുകയും പിന്നെ ജീവനാഡി ഛേദിക്കുകയും ചെയ്യുമാ

കുന്നു. 17:81-ൽ

وَقُلْ جَاءَ الْحَقُّ وَزَهَقَ الْبَاطِلُ إِنَّ الْبَاطِلَ كَانَ زَهُوقًا ﴿٨١﴾

(പ്രവാചകൻ പ്രഖ്യാപിക്കുക: സത്യം സമാഗതമായിരിക്കുന്നു. മിഥ്യ തകർന്നു. തകരേണ്ടതു തന്നെയാണ് മിഥ്യ). يَمْحُ -ന്റെ മുമ്പിലുള്ള 'واو' അതിനെ يَخْتِمْ-വുമായി സമാസിക്കാനുള്ളതല്ല. മുൻവാക്യം يَخْتِمْ-വിൽ അവസാനിച്ചതിന്റെയും يَمْحُ എന്ന മറ്റൊരു വാക്യം തുടങ്ങുന്നതിന്റെയും ചിഹ്നമാണത്. ●

യിരുന്നു) എന്നും പ്രസ്താവിച്ചിട്ടുള്ളതിനു സമാനമാകുന്നു. രണ്ടു വ്യാഖ്യാനങ്ങളെയും സാധൂകരിക്കുന്നതാണ് സൂക്തത്തിന്റെ പദഘടന. സന്ദർഭവുമായി കൂടുതൽ ഇണങ്ങുന്നത് ആദ്യം പറഞ്ഞ വിശദീകരണമാകുന്നു.

يَمْحُ-വിന്റെ അസ്സൽരൂപം يمحو ആണ്. مَحْو ഇതിന്റെ മൂലപദം. ഉച്ചാരണ സൗകര്യാർഥം അന്ത്യത്തിലെ 'വ'കാരം അനുക്തമാക്കിയ രൂപമാണ് -يَمْحُ. തുടച്ചു നീക്കലും മായ്ച്ചുകളയലുമാണ്- محو. ഇവിടെ ഉദ്ദേശ്യം, തകർത്തുകളയലാ

---

وَهُوَ ٱلَّذِى يَقْبَلُ ٱلتَّوْبَةَ عَنْ عِبَادِهِۦ وَيَعْفُوا۟ عَنِ ٱلسَّيِّـَٔاتِ وَيَعْلَمُ مَا تَفْعَلُونَ ﴿٢٥﴾

وَيَسْتَجِيبُ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ وَيَزِيدُهُم مِّن فَضْلِهِۦ ۚ وَٱلْكَـٰفِرُونَ لَهُمْ عَذَابٌ شَدِيدٌ ﴿٢٦﴾

25. തന്റെ ദാസന്മാരുടെ അനുതാപം സ്വീകരിക്കുന്നതും തിന്മകൾ മാപ്പാക്കുന്നതും അവൻ തന്നെയാകുന്നു. നിങ്ങൾ ചെയ്യുന്നതെന്തും അവൻ അറിയുന്നുണ്ട്.

26. സത്യവിശ്വാസികളായ സച്ചരിതരെ അവൻ കൈക്കൊള്ളുകയും അവർക്ക് തന്റെ അനുഗ്രഹം വളർത്തിക്കൊടുക്കുകയും ചെയ്യുന്നു. സത്യനിഷേധികൾക്കുള്ളത് കഠിനമായ ശിക്ഷയാകുന്നു.

**25,26**

وَهُوَ الَّذِي يَقْبَلُ التَّوْبَةَ عَنْ عِبَادِهِ = അവൻ തന്നെയാകുന്നു തന്റെ ദാസന്മാരുടെ അനുതാപം സ്വീകരിക്കുന്നത്

وَيَعْفُوا عَنِ السَّيِّئَاتِ= തിന്മകൾ മാപ്പാക്കുന്നതും وَيَعْلَمُ = അവൻ അറിയുന്നു(ണ്ട്)

مَا تَفْعَلُونَ = നിങ്ങൾ ചെയ്യുന്നത് (എന്തും) وَيَسْتَجِيبُ = അവൻ ഉത്തരം നൽകുന്നു, കൈക്കൊള്ളുന്നു

الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ= വിശ്വസിക്കുകയും സൽക്കർമം ചെയ്യുകയും ചെയ്തവരെ, ചെയ്തവർക്ക് (സത്യവിശ്വാസികളായ സച്ചരിതരെ)

وَيَزِيدُهُم = അവൻ അവർക്കു വർധിപ്പിച്ചു കൊടുക്കുകയും ചെയ്യുന്നു مِّن فَضْلِهِ = തന്റെ അനുഗ്രഹ(ം)ത്തിൽനിന്ന്

وَالْكَافِرُونَ = സത്യനിഷേധികൾ لَهُمْ = (ഉള്ളത്) അവർക്കുണ്ട് عَذَابٌ شَدِيدٌ = കഠിന ശിക്ഷയാകുന്നു

മനഃപൂർവം പ്രവാചകനെയും ദൈവിക ദീനിനെയും നിഷേധിച്ച് അധർമങ്ങളും അക്രമങ്ങളും അനുവർത്തിച്ചവരെ പശ്ചാത്തപിക്കാനും ജീവിതം സംസ്കരിക്കാനും പ്രേരിപ്പിക്കുകയാണീ സൂക്തങ്ങൾ. നിങ്ങൾ ഇനിയെങ്കിലും യാഥാർഥ്യങ്ങൾ അംഗീകരിച്ച്, ദൈവധിക്കാരത്തിലും പ്രവാചക വിരോധത്തിലും പശ്ചാത്തപിക്കുക. അധർമങ്ങളും അക്രമങ്ങളും വർജിച്ച് ജീവിതം സംസ്കരിക്കുക. എങ്കിൽ തന്റെ ദാസന്മാരുടെ എല്ലാ പാപങ്ങളും പൊറുത്തുതരുന്നവനാണല്ലാഹു. إِنَّ اللَّهَ يَغْفِرُ الذُّنُوبَ جَمِيعًا (നിങ്ങളുടെ എല്ലാ തിന്മകളും അവൻ മാപ്പാക്കും). സത്യധർമങ്ങളിൽ വിശ്വസിക്കുകയും സൽക്കർമങ്ങൾ ആചരിക്കുകയും ചെയ്യുന്ന ദൈവ ദാസന്മാരെ അവൻ കൈക്കൊള്ളുന്നു. അവരുടെ സൽക്കർമങ്ങൾക്ക് അർഹിക്കുന്ന പ്രതിഫലത്തിനു പുറമെ തന്റെ ഔദാര്യവും അനുഗ്രഹവുമായി ആ കർമഫലം വർധിപ്പിച്ചു കൊടുക്കുകയും ചെയ്യും. ഓർത്തിരിക്കുക, നിങ്ങളുടെ ഒരു കാര്യവും അവന്റെ അറിവിനപ്പുറമല്ല. ഓരോ ചെയ്തിയും എപ്പോൾ ചെയ്യുന്നു, എങ്ങനെ ചെയ്യുന്നു, എന്തുദ്ദേശ്യത്തോടെ ചെയ്യുന്നു എന്നെല്ലാം അവനു നന്നായറിയാം. അതുകൊണ്ട് അല്ലാഹുവിൽ വിശ്വസിച്ചുകൊണ്ടും അവന്റെ അനുഗ്രഹത്തിൽ പ്രതീക്ഷയർപ്പിച്ചുകൊണ്ടും പ്രവർത്തിക്കുക. എന്നാൽ, സത്യ-ധർമങ്ങൾ നിഷേധിക്കുന്ന ദൈവധിക്കാരികൾ എത്ര വലിയ കൊലകൊമ്പന്മാരായാലും അവർക്കുള്ളത് കൊടിയ പരലോക ശിക്ഷയാകുന്നു.

يستجيب-ന്റെ കർത്താവ് അതിനു മുമ്പ് പരാമർശിച്ച അല്ലാഹു (هو) ആണെന്നു ഗണിച്ചുകൊണ്ടുള്ളതാണീ വ്യാഖ്യാനം. വിളികേൾക്കുക, പ്രാർഥനക്ക് ഉത്തരം നൽകുക, സ്വീകരിക്കുക എന്നെല്ലാം استجابة-ന് അർഥമുള്ള കാര്യം നേരത്തെ പറഞ്ഞുവല്ലോ. സത്യവിശ്വാസികളുടെ പ്രാർഥനക്ക് അല്ലാഹു ഉത്തരം നൽകുന്നു എന്നും അർഥമാകാം. يستجيب-ന്റെ കർത്താവ് സത്യവിശ്വാസികൾ - الَّذِينَ آمنوا- ആണെന്ന് ഗണിച്ചു കൊണ്ടും ഈ വചനം വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. സത്യവിശ്വാസികൾ അല്ലാഹുവിന്റെ വിളിക്ക് ഉത്തരം നൽകുന്നു എന്നാകും അപ്പോൾ ആശയം. ഉത്തരം നൽകാത്ത നിഷേധികൾക്ക് കൊടിയ ശിക്ഷയുണ്ട്. വിശ്വാസികൾ അല്ലാഹുവിന്റെ വിളികേൾക്കുന്നതിനെക്കുറിച്ച് إِنَّمَا يَسْتَجِيبُ الَّذِينَ يَسْمَعُونَ (ചെവി കേൾക്കുന്നവരേ വിളിക്കുത്തരം നൽകൂ) എന്ന് 6:36-ൽ പറയുന്നുണ്ട്. അതിനാൽ, ഈ വ്യാഖ്യാനവും അസ്ഥാനത്തല്ല. ●